**SY-4038**

Class No. : ..................................

Name : ..........................................

## SECOND YEAR HIGHER SECONDARY
## SECOND TERMINAL EXAMINATION, DECEMBER-2025

Part – III

Time : 2½ Hours

# SOCIOLOGY

Cool-off time : 15 Minutes

Maximum : 80 scores

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.

## പാർട്ട് – A

**1 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 9 എണ്ണത്തിന് ഉത്തരം എഴുതുക. 1 സ്കോർ വീതം.** **(9 × 1 = 9)**

1. വ്യക്തികളെയോ സംഘങ്ങളെയോ സമൂഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളിൽ നിന്നും അകറ്റി നിർത്തുന്ന പ്രക്രിയയെ __________ എന്ന് വിളിക്കുന്നു.

2. 'ദി വെൽത്ത് ഓഫ് നേഷൻസ്' എന്ന പുസ്തകം എഴുതിയത് ആര് ?

3. വ്യക്തിപരമായ പ്രശ്നങ്ങൾ, സാമൂഹിക പ്രശ്നങ്ങൾ എന്നിവ തമ്മിലുള്ള ശൃംഖലയും ബന്ധങ്ങളും ചിത്രണം ചെയ്യാൻ സമൂഹശാസ്ത്രം സഹായിക്കുന്നു എന്ന് നിരീക്ഷിച്ച സമൂഹശാസ്ത്രജ്ഞന്റെ പേര് എഴുതുക.

4. ചാർട്ട് പൂർത്തീകരിക്കുക :

   വിവിധതരം ജനസംഖ്യാ ശാസ്ത്രം
   - ഔപചാരിക ജനസംഖ്യാ ശാസ്ത്രം
   - ______________

5. ഒരു പ്രത്യേക പ്രദേശത്ത് ഒരു പ്രത്യേക കാലയളവിൽ ജീവനോടെ ജനിക്കുന്നവരുടെ എണ്ണത്തെ __________ എന്നറിയപ്പെടുന്നു.

6. സ്വാതന്ത്ര്യാനന്തരം നടപ്പിലാക്കിയ ഭൂപരിഷ്ക്കരണങ്ങളിലൂടെ ഭൂവുടമസ്ഥാവകാശം ലഭിച്ച വലിയ ജനസംഖ്യയുള്ള ജാതികളെ സൂചിപ്പിക്കുന്ന പദം തിരിച്ചറിയുക.
   (A) പാശ്ചാത്യവൽക്കരണം (B) ഗോത്രം
   (C) പ്രബല ജാതി (D) സംസ്കൃതവൽക്കരണം

7. ഒരു നിശ്ചിത പ്രദേശത്തിനുമേൽ രാഷ്ട്രീയവും നിയമപരവുമായ അധികാരമുള്ള സ്ഥാപനമാണ് __________.
   (A) സമുദായം (B) സംഘം
   (C) രാഷ്ട്രം (D) ദേശം

8. താഴെ പറയുന്നവയിൽ ഏത് നഗരമാണ് ബ്രിട്ടീഷ് ഭരണകാലത്തുണ്ടായ വ്യാവസായ വൽക്കരണം മൂലം തകർന്നത്.
   (A) ബോംബെ (B) മദ്രാസ്
   (C) മസൂലിപട്ടണം (D) കൽക്കത്ത

9. പൂനെയിൽ സ്ത്രീകൾക്കായുള്ള ആദ്യത്തെ സ്ക്കൂൾ ആരംഭിച്ചത് ആര് ?
   (A) രാജാറാം മോഹൻ റായ് (B) സർ സെയ്ദ് അഹമ്മദ് ഖാൻ
   (C) ജ്യോതിബ ഫൂലെ (D) ദയാനന്ദ സരസ്വതി

10. ചില സംസ്ഥാനങ്ങളിൽ ചെറിയ സിവിൽ-ക്രിമിനൽ കേസുകളിൽ തീർപ്പ് കൽപ്പിക്കാൻ വേണ്ടി രൂപീകരിച്ച പഞ്ചായത്തിന്റെ പേരെഴുതുക.

(A) വന പഞ്ചായത്ത് (B) ന്യായ പഞ്ചായത്ത്

(C) ഗ്രാമ പഞ്ചായത്ത് (D) ബ്ലോക്ക് പഞ്ചായത്ത്

## പാർട്ട് – B

11 മുതൽ 15 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക. ഓരോന്നിനും 2 സ്കോർ വീതം. (5 × 2 = 10)

11. വ്യവസായ വൽക്കരണത്തെ നിർവ്വചിക്കുക.

12. മതേതരവൽക്കരണത്തെ കുറിച്ച് ഒരു ലഘു കുറിപ്പെഴുതുക.

13. ജനസംഖ്യാപരമായ ലാഭവിഹിതം എന്നത് കൊണ്ട് അർത്ഥമാക്കുന്നതെന്ത് ?

14. സാമാന്യ ബോധജ്ഞാനത്തെ കുറിച്ച് വിവരിക്കുക.

15. എന്താണ് ശാസ്ത്രീയ മാനേജ്മെന്റ് ?

## പാർട്ട് – C

16 മുതൽ 19 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരം എഴുതുക. 4 സ്കോർ വീതം. (3 × 4 = 12)

16. സ്ത്രീപുരുഷ അനുപാതം കുറയാനുള്ള ഏതെങ്കിലും 4 കാരണങ്ങൾ എഴുതുക.

17. ഇന്ത്യൻ ഭരണഘടനയുടെ ഏതെങ്കിലും 4 അടിസ്ഥാന മൂല്യങ്ങൾ വിവരിക്കുക.

18. ജാതിയുടെ ഏതെങ്കിലും 4 സവിശേഷതകൾ പട്ടികപ്പെടുത്തുക.

19. തൊഴിൽ ചംക്രമണം എന്നാൽ എന്ത് ?

## പാർട്ട് – D

20 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരം എഴുതുക. 5 സ്കോർ വീതം. (3 × 5 = 15)

20. തൊട്ടുകൂടായ്മയെ നിർവചിക്കുക. തൊട്ടുകൂടായ്മയുടെ വിവിധ മാനങ്ങൾ വിശദീകരിക്കുക.

21. ഇന്ത്യൻ ജനാധിപത്യ വ്യവസ്ഥയുടെ നിലനിൽപ്പിന് പൗരസമൂഹത്തിന്റെ പങ്ക് ഉദാഹരണ സഹിതം ചർച്ച ചെയ്യുക.

22. ചേരും പടി ചേർക്കുക :

| A | B |
|---|---|
| (1) ഹാരി ബ്രേവർമാൻ | പ്രബല ജാതി |
| (2) ഡോ. ദത്താ സാമന്ത് | ശാസ്ത്രീയ മാനേജ്മെന്റ് |
| (3) ജാൻ ബ്രെമൻ | യന്ത്രങ്ങളുടെ ഉപയോഗം തൊഴിൽ നൈപുണി കുറക്കുന്നു |
| (4) F.W. ടെയ്ലർ | ബോംബെ ടെക്സ്റ്റയിൽ സമരം1982 |
| (5) എം.എൻ ശ്രീനിവാസ് | സ്വതന്ത്ര തൊഴിലാളി |

23. ഇന്ത്യൻ ജനാധിപത്യ പ്രക്രിയയിൽ രാഷ്ട്രീയ പാർട്ടികൾക്കും സമ്മർദ്ദ ഗ്രൂപ്പുകൾക്കും ഉള്ള പ്രാധാന്യം വിശദീകരിക്കുക.

## പാർട്ട് – E

**24 മുതൽ 27 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരം എഴുതുക. 6 സ്കോർ വീതം.** **(3 × 6 = 18)**

24. ചരക്ക് വൽക്കരണം ഉദാഹരണസഹിതം വിശദീകരിക്കുക.

25. പ്രാദേശികവാദവും വർഗ്ഗീയതയുമാണ് ഇന്ത്യ അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളികൾ. ഈ പ്രസ്താവന ചർച്ച ചെയ്യുക.

26. ഗ്രാമ പഞ്ചായത്തിന്റെ അധികാരങ്ങളും ഉത്തരവാദിത്വങ്ങളും വിവരിക്കുക.

27. സംഘടിത-അസംഘടിത മേഖലയെ വേർതിരിച്ചെഴുതുക.

## പാർട്ട് – F

**28 മുതൽ 30 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക. 8 സ്കോർ വീതം.** **(2 × 8 = 16)**

28. (a) 'കോളനി വൽക്കരണം ഇന്ത്യൻ കൈത്തറിവ്യവസായത്തെ തകർത്തു.' നിങ്ങൾ ഈ പ്രസ്താവനയോട് യോജിക്കുന്നുണ്ടോ ? നിങ്ങളുടെ ഉത്തരത്തെ സാധൂകരിക്കുക. **(4)**

    (b) ഘടനാപരമായമാറ്റത്തിനുള്ള പ്രക്രിയകൾ എന്ന നിലയിൽ നഗരവൽക്കരണം, വ്യവസായവൽക്കരണം എന്നിവയെ വിശദീകരിക്കുക. **(4)**

29. സംസ്കൃതവൽക്കരണവും പാശ്ചാത്യ വൽക്കരണവും എം.എൻ. ശ്രീനിവാസ് മുന്നോട്ട് വെച്ച സാംസ്ക്കാരിക മാറ്റത്തിന്റെ രണ്ട് പ്രക്രിയകളാണ്.

    (a) സംസ്കൃതവൽക്കരണത്തെയും പാശ്ചാത്യവൽക്കരണത്തെയും താരതമ്യം ചെയ്യുക. **(4)**

    (b) സംസ്കൃതവൽക്കരണത്തെ വിമർശനപരമായി വിലയിരുത്തുക. **(4)**

30. ഹരിത വിപ്ലവം ഇന്ത്യാ ഗവൺമെന്റ് നടപ്പിലാക്കിയ ഒരു കാർഷിക നവീകരണ പരിപാടിയാണ്. ഇന്ത്യൻ സമൂഹത്തിൽ ഹരിതവിപ്ലവത്തിന്റെ പ്രത്യാഘാതങ്ങൾ വിലയിരുത്തുക.

---